Page 1 of 3

ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of individual and small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പയെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യപ്രകാരം 2021 മാർച്ച് 1-നും 2021 ജൂൺ 30-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2021 ജൂൺ 30-നകം പുതുക്കി നൽകിയാൽ പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. പ്രാഥമിക സംഘങ്ങളുടെ ലോണുകൾക്ക് നിശ്ചിത കാലയളവിൽ മൊറട്ടോറിയം ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വാഹന നികുതിയുടെ കാര്യത്തിൽ സമയപരിധി നീട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതിനെ സംബന്ധിച്ച് ആലോചിക്കാം. തീരുമാനം ഇപ്പോൾ പറയാൻ സാധിക്കില്ല.

(2) കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: സർ, കോട്ടയം, ഇടുക്കി ജില്ലകളിലെ കിഫ്ബി പ്രോജക്ടുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് വൈക്കത്ത് ആരംഭിച്ച ഓഫീസിന്റെ പരാധീനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിക്കപ്പെട്ട അഞ്ച് പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനുവേണ്ടി ആരംഭിച്ച ഓഫീസിൽ വേണ്ടത്ര ജീവനക്കാരോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതുമൂലം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഒട്ടുംതന്നെ മുന്നോട്ടുപോകാത്ത അവസ്ഥയാണുള്ളത്. ഭൂമി ഏറ്റെടുക്കൽ ഓഫീസിൽ ഏറ്റവും അത്യാവശ്യം വേണ്ട സർവ്വേയർ തസ്തികയിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ ഏറ്റെടുക്കേണ്ട ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ കുറവ് മാത്രമല്ല, ഓഫീസിൽ അവശ്യം വേണ്ട കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയും ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതിനാൽ വൈക്കത്ത് പ്രവർത്തിക്കുന്ന കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസിലേയ്ക്കാവശ്യമായ സർവ്വേയർ ഉൾപ്പെടെയുള്ള ജീവനക്കാരെയും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങളും വളരെ അടിയന്തരമായി ലഭ്യമാക്കി കോട്ടയം, ഇടുക്കി

LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളുടെ വികസന പദ്ധതികൾക്ക് ആവശ്യമായ അടിയന്തര സഹായം നൽകണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കോട്ടയം ജില്ലയിലെ വിവിധ കിഫ്ബി പ്രോജക്ടുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി അർത്ഥനാധികാരിയായ കിഫ്ബിയുടെ അഭ്യർത്ഥന പ്രകാരം 7-5-2020-ലെ ഗവൺമെന്റ് ഉത്തരവ് (Rt) നമ്പർ 1716/2020/ആർ.ഡി. പ്രകാരം 17 തസ്തികകൾ അടങ്ങിയ ഒരു സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി യൂണിറ്റ് വൈക്കം താലൂക്കിൽ കുലശേഖരപുരം വില്ലേജ് ഓഫീസിന് സമീപമുള്ള റവന്യൂ ക്വാർട്ടേഴ്സിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി ഓഫീസിൽ വൈക്കം-വെച്ചൂർ റോഡ് വികസനത്തിനുവേണ്ടി 5.5402 ഹെക്ടർ, മൂലേക്കടവ് പാലം പദ്ധതിക്കുവേണ്ടി 0.5161 ഹെക്ടർ, ഏറ്റുമാനൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി 0.4323 ഹെക്ടർ, കരുനുകയം കുടിവെള്ള പദ്ധതിക്കുവേണ്ടി 0.2752 ഹെക്ടർ, ചങ്ങനാശ്ശേരി പൈപ്പ് ഓവർ പദ്ധതിക്കുവേണ്ടി 0.396 ഹെക്ടർ, കടുത്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി 0.538 ഹെക്ടർ, അക്കരപാടം അപ്രോച്ച് റോഡിനുവേണ്ടി 0.1589 ഹെക്ടർ, കങ്ങഴ സാംസ്കാരിക നിലയത്തിനുവേണ്ടി 2.023 ഹെക്ടർ തുടങ്ങിയ സ്ഥലങ്ങളുടെ പൊന്നുംവില നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത ഓഫീസിൽ സ്പെഷ്യൽ ഓഫീസർക്ക് പുറമെ രണ്ട് വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് റവന്യൂ ഇൻസ്പെക്ടർ, ഒരു സർവ്വേയർ, രണ്ട് സീനിയർ ക്ലാർക്ക്, മൂന്ന് ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് ചെയിൻമാൻ, ഒരു പി.ടി.എസ്. എന്നീ തസ്തികകളാണുള്ളത്. നിലവിൽ പ്രസ്തുത ഓഫീസിൽ സ്പെഷ്യൽ തഹസിൽദാർക്ക് പുറമെ ഒരു വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് റവന്യൂ ഇൻസ്പെക്ടർമാർ, രണ്ട് സീനിയർ ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു വില്ലേജ് മാൻ, രണ്ട് ചെയിൻമാൻമാർ എന്നിവരാണ് ജോലി ചെയ്തുവരുന്നത്. ജില്ലാ കളക്ടറുടെ 12-6-2020, 28-10-2020 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം നിലവിലുള്ള മൂന്ന് ക്ലാർക്കുമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കോട്ടയം ഓഫീസ്, കോട്ടയം കളക്ടറേറ്റ് എന്നിവിടങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഒരു സർവ്വേയർ തസ്തികയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥനെ ഇടുക്കി ജില്ലയിലെ റീസർവ്വേ ജോലികൾക്കായി ജോലി ക്രമീകരണ വ്യവസ്ഥയിൽ വിടുതൽ ചെയ്യുകയും ചെയ്തു. നിലവിൽ ഒരു സർവ്വേയർ, ഒരു വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് ക്ലാർക്ക്, ഒരു പി.ടി.എസ്. എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരെ തിരിച്ചുവിളിക്കുകയോ ഒഴിഞ്ഞ്

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന തസ്തികകളിൽ പുതിയതായി നിയമനം നടത്തുകയോ ചെയ്ത് ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത ഓഫീസിലേയ്ക്കാവശ്യമായ ഫർണിച്ചർ, നിർത്തലാക്കിയ ഓഫീസിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ നിലവിലുള്ള നിയമപ്രകാരം ഇൻവോയിസ് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കാമെന്ന് കിഫ്ബി അറിയിച്ചതിനെ തുടർന്ന് ആയത് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

(3) കടൽഭിത്തി നിർമ്മാണം

ശ്രീ. വി. ജോയി: സർ, തീരപ്രദേശത്തെ എം.എൽ.എ.മാരുടെ സ്ഥിരമായ ഒരു സബ്മിഷനാണിത്. വർക്കലയെ സംബന്ധിച്ച് അഞ്ചുതെങ്ങ് ഒന്നാംപാലം മുതൽ കാപ്പിൽവരെ വരുന്ന 15 കിലോമീറ്റർ തീരദേശ മേഖലയാണ്. നിലവിൽ മൂന്നോ നാലോ കിലോമീറ്റർ മാത്രമാണ് കടൽഭിത്തിയുള്ളത്. തുടരെത്തുടരെയുള്ള കടൽക്ഷോഭത്തിന്റെ ഭാഗമായി കടൽഭിത്തി ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. അവിടത്തെ പ്രധാനപ്പെട്ട മുസ്ലീം ദേവാലയമായ ഓടയം മുസ്ലീം ദേവാലയത്തിന്റെ നിലനിൽപ്പ് ഭീഷണിയുടെ വക്കിലാണ്. ഇടവയിലാണെങ്കിൽ വെറ്റക്കട എന്ന സ്ഥലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ജോലിക്ക് പോകുന്ന പ്രദേശമുണ്ട്. അവരുടെ വള്ളങ്ങളെല്ലാം കയറ്റിവയ്ക്കുന്നത് അവിടെയാണ്. കഴിഞ്ഞ തവണയുണ്ടായ കടൽക്ഷോഭത്തിന്റെ ഭാഗമായി ആ തീരം പൂർണ്ണമായും ഇല്ലാതായി. അവിടത്തെ കുന്നുകളും വീടുകളും റിസോർട്ടുകളും എല്ലാം ഇടിഞ്ഞുപോവുകയോ നശിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കടൽഭിത്തി അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. അതുകൊണ്ട് ഓടയം മുതൽ വെറ്റക്കട വരെയുള്ള പ്രദേശത്തെങ്കിലും അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വർക്കല നിയോജകമണ്ഡലത്തിൽ ഒന്നാംപാലം മുതൽ കാപ്പിൽ വരെ 15 കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്. അതിൽ പല ഘട്ടങ്ങളിലായി 5 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വെട്ടൂർ ഭാഗത്ത് ഏകദേശം 3.5 കിലോമീറ്റർ ദൂരം പ്രകൃതിദത്ത സംരക്ഷണമുള്ള സ്ഥലമാണ്. ഏകദേശം 5.5 കിലോമീറ്റർ ദൂരം ക്ലിഫാണ്. കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭാഗമായി പല പ്രദേശങ്ങളിലും വ്യത്യസ്ത രൂപത്തിൽ കടലാക്രമണം ഉണ്ടാവുകയും പല

LIBRARY ARCHIVES Kerala Legislative Assembly